**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊച്ചി മേയർ ശ്രീമതി സൗമിനി ജയിനിന്റെ ബഹറിൻ യാത്രക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**തദ്ദേശ സ്വയം ഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 3196/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 04.10.2017.

==========================================================

പരാമർശം:- കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ മേയർ ശ്രീമതി സൗമിനി ജയിന്റെ ഐ.എസ്.ഒ/എം.ഒ.സി1/1301/14 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

ബഹ്റിൻ കേന്ദ്രമായി ചാരിറ്റബിൾ പ്രവർത്തനങ്ങൾ നടത്തുന്ന ഫ്രേറ്റേണിറ്റി ഓഫ് എറണാകുളം എന്ന സംഘടനയുടെ 06/10/2017 ൽ ബഹ്റിൻ വച്ച് ചേരുന്ന 10-ാമത് വാർഷികാഘോഷത്തിൽ പങ്കെടുക്കുന്നതിലേക്കായി യാത്രക്ക് അനുമതി നൽകണമെന്ന് കൊച്ചി മേയർ പരാമർശം കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.യാത്രാ ചെലവുകളെല്ലാം സംഘടന തന്നെ വഹിക്കുന്നതാണെന്ന് കൗൺസിൽ തീരുമാനത്തിൽ അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ മേയർ ശ്രീമതി സൗമിനി ജയിനിന് 06/10/2017 ൽ ബഹ്റിൻ വച്ച് ചേരുന്ന ഫ്രേറ്റേണിറ്റി ഓഫ് എറണാകുളം എന്ന സംഘടനയുടെ വാർഷികാഘോഷത്തിൽ പങ്കെടുക്കുന്നതിനായി യാത്രാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സിനി.ജെ.ഷുക്കൂർ**

ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി സൗമിനി ജയിൻ, മേയർ, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ.
സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ
അക്കൗണ്ട് ജനറൽ (A&E/Audit) തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ( വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ